# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/53/2017 | പത്രക്കുറിപ്പ് | 2017 മാർച്ച് 10

**അപേക്ഷാതീയതി**

നാലാം സെമസ്റ്റർ എം.ടെക് (എല്ലാ ബ്രാഞ്ചുകളും - 2012, 2013, 2014 അഡ്മിഷൻ സപ്ലിമെന്ററി/ 2011 അഡ്മിഷൻ മേഴ്സിചാൻസ്) തീസിസ് ഇവാല്യുവേഷൻ, വൈവാ വോസി പരീക്ഷകൾക്ക് അപേക്ഷകൾ പിഴയില്ലാതെ മാർച്ച് 21 വരെയും 50 രൂപ പിഴയോടെ 22 വരെയും 500 രൂപ സൂപ്പർഫൈനോടെ 24 വരെയും സ്വീകരിക്കും. മേഴ്സിചാൻസ് പരീക്ഷകൾക്ക് 5000 രൂപ സ്പെഷ്യൽ ഫീസ് നിശ്ചിത പരീക്ഷാഫീസിനു പുറമേ അടക്കണം.

**പരിക്ഷാതീയതി**

ഒന്നാം സെമ്സ്റ്റർ എം.എസ്സി. ഫുഡ് ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (സി.എസ്.എസ്-2016 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി-യൂ.ജി.സി. സ്പോൺസേർഡ്) ഡിഗ്രി പരീക്ഷകൾ മാർച്ച് 31 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ മാർച്ച് 15 വരെയും 50 രൂപ പിഴയോടെ 16 വരെയും 500 രൂപ സൂപ്പർഫൈനോടെ 20 വരെയും സ്വീകരിക്കും. അപേക്ഷകർ 150 രൂപ സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാഫീസിനു പുറമേ അടക്കണം.

**പ്രാക്ടിക്കൽ പരീക്ഷ**

2017 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്സി. ഫുഡ് ആന്റ് ഇന്റസ്ട്രിയൽ മൈക്രോബയോളജി (സി.എസ്.എസ്-2015 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി-2012 മുതലുള്ള അഡ്മിഷൻ) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ മാർച്ച് 15, 16 തീയതികളിൽ അതാത് കേന്ദ്രങ്ങളിൽ നടത്തും.

**പരീക്ഷാഫലം**

2016 ഒക്ടോബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ മോഡൽ 3 ബി.ബി.എ, ബി.ബി.എം, ബി.സി.എ, ബി.എഫ്.റ്റി, ബി.എസ്.ഡബ്ല്യു, ബി.റ്റി.എസ് (റഗുലർ-2014 അഡ്മിഷൻ/സപ്ലിമെന്ററി 2009 മുതൽ 2013 അഡ്മിഷൻ) ഡിഗ്രി പരിക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയ ത്തിനുമുള്ള അപേക്ഷകൾ മാർച്ച് 23 വരെ സ്വീകരിക്കും.

2016 ജൂലൈയിൽ നടത്തിയ ഒന്നാം വർഷ ബി.എസ്സി. നഴ്സിങ്ങ് (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരിക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷ കൾ മാർച്ച് 22 വരെ സ്വീകരിക്കും.

2016 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്സി. ഹോട്ടൽ മാനേജ്മെന്റ് & ടൂറിസം (സി.എസ്.എസ്) ഡിഗ്രി പരിക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ യത്തിനുമുള്ള അപേക്ഷകൾ മാർച്ച് 23 വരെ സ്വീകരിക്കും.

**സി.ബി.സി.എസ്.എസ് മൂല്യനിർണ്ണയം**

2016 മെയ്യിൽ നടത്തിയ രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബിരുദ പരീക്ഷയുടെ ഉത്തരക്കടലാസ്സുകൾ മൂല്യനിർണ്ണയത്തിനായി കൈപ്പറ്റിയിട്ടുള്ള അദ്ധ്യാപകർ മാർച്ച് 13 ന് മുൻപായി മൂല്യനിർണ്ണയം പൂർത്തിയാക്കി ഉത്തരക്കടലാസ് അതാത് മൂല്യനിർണ്ണയ ക്യാമ്പിൽ തിരിച്ചേൽപ്പിക്കേതാണ്.

**പി.ജി. മൂല്യനിർണ്ണയം മാർച്ച് 15 ന്**

മൂന്നാം സെമസ്റ്റർ പി.ജി പരീക്ഷയുടെ മൂല്യനിർണയക്യാമ്പ് സർവ്വകലാശാല ക്യാമ്പസിൽ വച്ച് മാർച്ച് 15 ന് ആരംഭിക്കും. നിയമന ഉത്തരവ് ലഭിച്ച എല്ലാ അദ്ധ്യാപകരും ക്യാമ്പിൽ പങ്കെടുക്കണം.

**ഗാന്ധിയൻ തോട്ടിൽ ശില്പശാല**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ്. കേന്ദ്ര ഇലക്ട്രോണിക്സ് & ഐ.റ്റി മന്ത്രാലയത്തിന്റെ ഇൻഫർമേഷൻ വെബ്പോർട്ടലായ വികാസ്പീഡിയ കേരള, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ മാർച്ച് 16 ന് ശില്പശാല സംഘടിപ്പിക്കുന്നു. വികാസ് പീഡിയ കേരളയുടെ പ്രവർത്തന മേഖലകളായ കാർഷികം, ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, ഊർജ്ജം, ഇ-ഗവേണൻസ് എന്നിവയുടെ സേവനങ്ങൾ പൊതു ജനങ്ങളിൽ

എത്തിക്കുന്നതിനും സേവനദാതാക്കളായി പോർട്ടലിന്റെ പ്രവർത്തനങ്ങളിൽ പങ്കാളിയാകുന്നതിനും പ്രാപ്തരാക്കുക എന്നതാണ് ശില്പശാലയുടെ ലക്ഷ്യം. രജിസ്ട്രേഷൻ സൗജന്യം. ഫോൺ : 9656 347 995.

**ത്രിദിന അന്താരാഷ്ട്ര യോഗ സെമിനാറിന് തുടക്കമായി**
**യുവാക്കളെ കര്മ്മോന്മുഖരാക്കാന് യോഗ പരിശീലിപ്പിക്കും എംജി വി.സി**

യുവാക്കളെ കര്മ്മോന്മുഖരാക്കാനും സാമൂഹ്യതിന്മകള് കുറച്ചു കൊണ്ടു വരുവാനും യോഗ പരിശീലിപ്പിക്കുവാനും ഈ മേലഖലയിലെ പഠനഗവേഷണം ത്വരിതപ്പെടുത്തുവാനും മഹാത്മാഗാന്ധി സര്വ്വകലാശാല മുന്കൈയ്യെടുക്കുമെന്ന് വൈസ് ചാന്സലര് ഡോ. ബാബു സെബാസ്റ്റ്യന് പറഞ്ഞു. സെന്ററ് ഫോര് യോഗ ആന്ഡ് നാച്ചുറോപ്പതിയുടെ ആഭിമുഖ്യത്തില് സംഘടിപ്പിക്കുന്ന ത്രിദിന അന്താരാഷ്ട്ര യോഗ സെമിനാര് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.
പൊതുസമൂഹത്തില് നടക്കുന്ന അതിക്രമങ്ങളുടെ പ്രധാനകാരണം ഇന്ദ്രിയാധിഷ്ഠിത പ്രവര്ത്തനങ്ങളാണ്. സമൂഹത്തെ ക്രിയാത്മക മാര്ഗ്ഗത്തിലേയ്ക്ക് നയിക്കുവാനും വിദ്യാര്ത്ഥികളുടെ മികവ് വര്ദ്ധിപ്പിക്കുവാനും സാമൂഹ്യഇടപെടലുകള് ഊഷ്മളമാക്കാനും അനാരോഗ്യപ്രവണതകള് ഇല്ലാതാക്കാനും യോഗയ്ക്ക് കഴിയും ഡോ ബാബു സെബാസ്റ്റ്യന് പറഞ്ഞു.
സിന്ഡിക്കറ്റ് അംഗം കെ. ഷറഫുദ്ദീന് അദ്ധ്യക്ഷത വഹിച്ചു. ഡോ. സി.ആര്. ഹരിലക്ഷ്മീന്ദ്രകുമാര്, മുരല് ഐക്കരേത്ത്, ഡോ. റോയി സി മാത്യു, ജി ശ്രീകുമാര്, ഡോ. ആര്.എസ്. സന്ധ്യ എന്നിവര് സംസാരിച്ചു.
ഡോ. കെ. സാബുക്കുട്ടന്, ഡോ. ടി.വി. പത്മനാഭന്, യോഗശ്രേഷ്ഠ ഡോ. എം.ആര്. ഗോപാലകൃഷ്ണന് നായര്, ഡോ. ഡി. നെസ്സി, ഡോ. എം.പി. അജിത് കുമാര്, റേത്ത മേലക് (എത്യോപ്യ), ഡോ. ശാലിനി സി.കെ., ടി.കെ. നിഷ, ഡോ. രാജേഷ് കടമംചിറ എന്നിവര് പ്രബന്ധങ്ങള് അവതരിപ്പിച്ചു.
ശനിയാഴ്ച പ്രോ. വൈസ് ചാന്സിലര് ഡോ. ഷീന ഷുക്കൂര് അദ്ധ്യക്ഷത വഹിക്കുന്ന യോഗത്തില് ശ്രീലങ്കയിലെ കെലീനിയ യൂണിവേഴ്സിറ്റിയിലെ ഡോ. ദയരത്ന യെഡിരിസിംഗെ, ഡോ. എം.എസ്. വിശ്വംഭരന് നായര് തുടങ്ങിയവര് സംസാരിക്കും. ഞായറാഴ്ച സമാപിക്കുന്ന സെമിനാറില് 30 പ്രബന്ധങ്ങളാണ് ഉള്ക്കൊള്ളിച്ചിട്ടുള്ളത്.

**അടിക്കുറിപ്പ്:**
മഹാത്മാഗാന്ധി സര്വ്വകലാശാലയിലെ സെന്ററ് ഫോര് യോഗ ആന്ഡ് നാച്ചുറോപ്പതിയുടെ ആഭിമുഖ്യത്തില് സംഘടിപ്പിക്കുന്ന ത്രിദിന അന്താരാഷ്ട്ര യോഗ സെമിനാര് വൈസ് ചാന്സലര് ഡോ. ബാബു സെബാസ്റ്റ്യന് ഉദ്ഘാടനം ചെയ്യുന്നു. സിന്ഡിക്കറ്റ് അംഗം കെ. ഷറഫുദീന്, ഡോ. സി.ആര്. ഹരിലക്ഷ്മീന്ദ്രകുമാര്, മുരല് ഐക്കരേത്ത്, ഡോ. റോയി സി മാത്യു, ജി ശ്രീകുമാര്, ഡോ. ആര്.എസ്. സന്ധ്യ, ഡോ. ടി.വി. പത്മനാഭന് എന്നിവര് സമീപം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**